# 10
# ക്രിസ്തീയ ജീവിതം

നാം അവനിൽ നിന്നു സ്വീകരിച്ചതിന്റെ ഒരംശം കർത്താവിന് തിരിച്ചു നൽകുവാനുള്ള ബാധ്യത നമുക്കുണ്ട്. നമുക്കുള്ളതെല്ലാം അവനിൽനിന്നാണ് ലഭിച്ചത്. ലഭിക്കാത്തതായി ഒന്നും നമ്മിൽ ഇല്ല (1 കൊരിന്ത്യർ 4:7). നാം ദാനങ്ങൾ അവനു നൽകുന്നത്, അവൻ നമ്മിൽ ഭരമേൽപ്പിച്ചിരിക്കുന്നതാണ്.

നൽകൽ ബൈബിളിലെ പുതിയനിയമത്തിൽ മുഖ്യവിഷയങ്ങളിൽ ഒന്നല്ല. അതിനാൽ പുതിയനിയമത്തിൽ യേശുവും അപ്പൊസ്തലന്മാരും പണത്തിന്റെ ഉപയോഗത്തെ കുറിച്ച് മുഖ്യമായി ഒന്നും പഠിപ്പിച്ചിട്ടില്ല എന്ന് അർത്ഥമാകുന്നില്ല, ബൈബിളിൽ ആവശ്യമുള്ള രീതിയിൽ ആ വിഷയം പഠിപ്പിക്കുന്നുണ്ട്.

### പണത്തെ കുറിച്ച് യേശുവിന്റെ ഉപദേശങ്ങൾ

മലമ്പ്രസംഗത്തിൽ യേശു പറഞ്ഞു,

> പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയും ഇരിക്കുന്ന സ്വർഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ (മത്തായി 6:19, 20).

പണത്തോടുള്ള അത്തരം സീപനത്തിന് വിശ്വാസം ആവശ്യമാണ്. യേശു തുടർന്നു, "ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നുവെങ്കിൽ, അൽപവിശ്വാസികളേ നിങ്ങളെ എത്ര അധികം!" (മത്തായി 6:30). നാം ദൈവത്തിന് നൽകുന്നതനുസരിച്ച് അവൻ നമുക്ക് നൽകുമെന്ന് വിശ്വാസമുണ്ടെങ്കിൽ, നാം ഏറ്റവും നല്ലതു തന്നെ നൽകും (2 കൊരിന്ത്യർ 9:6, 10, 11).

ദരിദ്രന്മാർക്ക് ധർമ്മം കൊടുക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ അവൻ പറഞ്ഞത്, അത് പരസ്യമായ കാഴ്ച്ചയാക്കാതെ, രഹസ്യത്തിൽ ചെയ്യുവാനാണ്. അത്തരത്തിൽ കൊടുക്കുന്നവനെയാണ് ദൈവം അനുഗ്രഹിക്കുന്നത് (മത്തായി 6:1-4). "മറ്റുള്ളവർ നിങ്ങൾക്ക് ചെയ്യേണം എന്നാഗ്രഹിക്കുന്നത് ആദ്യം നിങ്ങൾ അവർക്ക് ചെയ്വിൻ" എന്ന തത്വമായിരിക്കണം ഒരുപക്ഷെ നൽകലിലും അടങ്ങിയിരിക്കുന്നത് (മത്തായി 7:12).

ധനികനായ ഒരു യുവപ്രമാണിയോട് യേശു തനിക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്ക് കൊടുപ്പാൻ പറഞ്ഞു. പിന്നെ വന്നു "എന്നെ അനുഗമിക്ക" എന്നും കൂട്ടിച്ചേർത്തു (മത്തായി 19:21). തീർച്ചയായും, അവന്റെ സമ്പാദ്യം അവനെ കൈവശമാക്കിയിരുന്നു. അവ ഉള്ളേടത്തോളം, ശ്രദ്ധ വ്യതിചലിക്കാതെ അവന് യേശുവിനെ പിൻപറ്റുവാൻ സാധിക്കുകയില്ല. ആ യുവാവ് ദുഃഖിച്ചു പൊയ്ക്കളഞ്ഞു (മത്തായി 19:22). നേരെ മറിച്ച്, അപ്പൊസ്തലന്മാർ തങ്ങൾക്കുണ്ടായിരുന്നതെല്ലാം യേശുവിനെ അനുഗമിപ്പാൻ വിട്ടുകളഞ്ഞു (ലൂക്കൊസ് 5:11). യേശുവിൽ പൂർണ്ണമായി സമർപ്പിക്കപ്പെടുവാനായി - പണം, ബന്ധു

ക്കൾ, ബിസിനസ്, ജോലി, എന്തു തന്നെയായാലും വിട്ടുകളയണം എന്നാണ് ആ ഉദാഹരണങ്ങൾ തെളിയിക്കുന്നത്.

സോർ, സീദോൻ എന്നീ കടൽക്കരയിൽ വെച്ച് ഉപദേശിക്കുമ്പോൾ, യേശു പറഞ്ഞു,

> കൊടുപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും; അമർത്തി കുലുക്കി - കവി യുന്നോരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും (ലൂക്കൊസ് 6:38).

മറ്റൊരവസരത്തിൽ യേശു പറഞ്ഞു, "നിങ്ങൾക്കുള്ളത് വിറ്റു ദരിദ്രർക്ക് ഭിക്ഷ കൊടുപ്പിൻ; കള്ളൻ അടുക്കയോ പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ ത്തിൽ പഴകിപ്പോകാത്ത മടിശീലകളും തീർന്നുപോകാത്ത നിക്ഷേപവും നി ങ്ങൾക്ക് ഉണ്ടാക്കിക്കൊൾവിൻ" (ലൂക്കൊസ് 12:33).

പരീശന്മാർ അവനെ പരീക്ഷിക്കുവാനായി വന്നപ്പോൾ യേശു പഠിപ്പി ച്ചത് ഗവൺമെന്റിനുള്ളത് ഗവൺമെന്റിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പിൻ എന്നാണ് (മത്തായി 22:21). നാം ദൈവത്തിനു കൊടുക്കുന്നതിൽ പരാജയപ്പെട്ടാൽ, അവന്റെ അവകാശം തടഞ്ഞുവെക്കുകയാണ്. നാം ദൈവ ത്തിന് കൊടുക്കേണ്ടതു കൊടുക്കാതിരിക്കുമ്പോൾ, ദൈവത്തിന്റേത് നമ്മു ടേതാക്കി വെക്കുന്നു, അത് ദൈവത്തെ കവർന്നെടുക്കലാണ് (മലാഖി 3:8).

## ആദ്യ ക്രിസ്ത്യാനികളുടെ
## പണം ഉപയോഗിക്കൽ

ആദ്യ സഭയിൽ ചിലർ ദരിദ്രരായിരുന്നു, മറ്റുള്ള അംഗങ്ങൾ അവരെ സഹായിച്ചു. അവർ തങ്ങൾക്കുണ്ടായിരുന്നതെല്ലാം വിറ്റു കളഞ്ഞില്ല, പക്ഷെ മറ്റുള്ളവരെ സഹായിക്കുവാൻ ആവശ്യമായത് വിറ്റുകളഞ്ഞു (പ്രവൃത്തികൾ 2:45; 4:36, 37). അവർ തങ്ങളുടെ വീടുകൾ വിറ്റില്ല, കാരണം വീടുകളുള്ള ക്രിസ്ത്യാനികളെ കുറിച്ചു പറഞ്ഞിട്ടുണ്ട് (പ്രവൃത്തികൾ 12:12; 21:8; റോമർ 16:5; 1 കൊരിന്ത്യർ 16:19; കൊലൊസ്യർ 4:15; ഫിലേമോൻ 2; 2 യോഹന്നാൻ 10). എല്ലലാവരേയും തുല്ല്യരാക്കുക എന്നതായിരുന്നില്ല ക്രിസ്ത്യാനികളുടെ ലക്ഷ്യം, പിന്നെയോ മുട്ടുള്ളവരുടെ മുട്ട് തീർക്കുക എന്നതായിരുന്നു. വ്യക്തി പരമായ ആവശ്യമനുസരിച്ചായിരുന്നു ധർമ്മസഹായം വിതരണം ചെയ്തിരു ന്നത് (പ്രവൃത്തികൾ 2:45; 4:35). **നാം നൽകേണ്ടത് ...**

- *തുടർച്ചയായി* – ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ (1 കൊരിന്ത്യർ 16:2).
- *വീതപ്രകാരം* – പ്രാപ്തി പോലെ (1 കൊരിന്ത്യർ 16:2).
- *കഴിവനുസരിച്ച്* – നമുക്ക് ഉള്ളതിന്റെ അടിസ്ഥാനത്തിൽ (2 കൊരി ന്ത്യർ 8:12).
- *നിശ്ചയിച്ചതുപോലെ* – ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ (2 കൊരി ന്ത്യർ 9:7).
- *സന്തോഷത്തോടെ* – സങ്കടത്തോടെ ആകരുത് (2 കൊരിന്ത്യർ 9:7).
- *ഔദാര്യമായി* – പിശുക്ക് കാണിക്കരുത്, സമൃദ്ധമായി (2 കൊരിന്ത്യർ 9:7; റോമർ 12:8).
- *മനസോടെ* – നിർബ്ബന്ധത്താലാകരുത് (2 കൊരിന്ത്യർ 9:7).

ദൈവത്തിന്റെ അനുഗ്രഹങ്ങളെ നമ്മുടെ ഇഷ്ടപ്രകാരം നമുക്ക് ഉപയോഗിക്കാം, എന്നാൽ നാം ദൈവത്തിന് കണക്ക് കൊടുക്കേണ്ടവരാണ് (മത്തായി 25:19; ലൂക്കൊസ് 16:2; 19:15; പ്രവൃത്തികൾ 5:4 നോക്കുക). നമുക്ക് നൽകിയിരിക്കുന്നതിൽ നാം നല്ല കാര്യവിചാരകന്മാരായിരിപ്പാനാണ് ദൈവം ആഗ്രഹിക്കുന്നത്. "ഓരോരുത്തന്നു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ" (1 പത്രൊസ് 4:10). നമുക്കുള്ളതെല്ലാം ദൈവത്തിന്റേതാണ് (പ്രവൃത്തികൾ 4:32). "ഭൂമിയും, അതിന്റെ പൂർണ്ണതയും കർത്താവിനുള്ളതാകുന്നു" (1 കൊരിന്ത്യർ 10:26). പൗലൊസ് ചോദിക്കുന്നു, "ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളു?" (1 കൊരിന്ത്യർ 4:7). ആ ചോദ്യത്തിനുള്ള ഉത്തരം "ഒന്നുമില്ല" എന്നാണ്. നാം ദൈവത്തിന് നൽകുമ്പോൾ, ദൈവം നൽകിയതിന്റെ ഒരംശം മാത്രമാണ് നാം നൽകുന്നത്.

"നിന്റേതു മാത്രമാണ്, ഞങ്ങൾ നൽകുന്നത്" എന്ന ഗാനം ആ ബൈബിൾ ഉപദേശത്തെ പ്രകടമാക്കുന്നു:

> നിന്റേതു മാത്രം ഞങ്ങൾ നൽകുന്നു,
> വരം എന്തായിരുന്നാലും,
> ഞങ്ങൾക്കുള്ളതെല്ലാം നിന്റേതു മാത്രം,
> ഓ, കർത്താവേ, ആശയവും നിന്റേതത്രെ.
>
> നിന്റെ ഔദാര്യത്തിൽനിന്നാണ്
> കാര്യവിചാരകന്മാരായ ഞങ്ങൾക്ക് ലഭിച്ചത്,
> സന്തോഷത്തോടെ നീ ഞങ്ങളെ അനുഗ്രഹിച്ചതുപോൽ,
> ഞങ്ങളുടെ ആദ്യ-ഫലങ്ങൾ ഞങ്ങൾ തരുന്നു.[1]

ദൈവത്തിന് ഉദാരമായി കൊടുക്കുവാനില്ലാതവണ്ണം നമ്മുടെ സമ്പത്തിനെ നാം കൈകാര്യം ചെയ്താൽ, നമുക്ക് നല്ല കാര്യവിചാരകന്മാരായിരിപ്പാൻ സാധ്യമല്ല. നൽകിയശേഷമുള്ള പണവും നാം ദുർവിനിയോഗം ചെയ്യുവാൻ പാടില്ല. കൊടുക്കേണ്ട ഉത്തരവാദിത്തം പോലെ പ്രാധാന്യത്തോടെ ബാക്കിയുള്ളതിന്റെ ഉപയോഗവും നാം പരിഗണിക്കണം.

നാം ദൈവത്തിനു ഉദാരമായി നൽകിയാൽ, അവൻ നമുക്ക് ഉദാരമായി നൽകുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. നാം വിതെച്ചതിനനുസരിച്ചാണ് കൊയ്യുന്നത് (2 കൊരിന്ത്യർ 9:7; ഗലാത്യർ 6:7). ഒരു കൃഷിക്കാരൻ വിതെച്ചതനുസരിച്ചുള്ള വിളവെടുപ്പ് മാത്രമെ പ്രതീക്ഷിക്കുന്നുള്ളു. ദൈവം നമുക്ക് സമൃദ്ധമായ അനുഗ്രഹങ്ങൾ നൽകണമെന്ന് ആഗ്രഹിക്കുകയാണെങ്കിൽ, നാം അവന് സമൃദ്ധമായി നൽകണം. ഹൃദയത്തിൽ സന്തോഷത്തോടെ നൽകുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത് (2 കൊരിന്ത്യർ 9:7).

നാം ദൈവത്തിന് ഉദാരമായി നൽകുമ്പോൾ അവൻ സമൃദ്ധമായി നമ്മെ അനുഗ്രഹിക്കുന്നത്, നമ്മുടെ ജഡികാഭിലാഷങ്ങൾ ആഡംബരമായി നിറവേറ്റുവാനല്ല. യാക്കൊബ് ക്രിസ്ത്യാനികൾക്ക് എഴുതി, "നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന് വല്ലാതെ യാചിക്ക കൊണ്ട് ഒന്നും ലഭിക്കുന്നില്ല" (യാക്കൊബ് 4:3). നാം നൽകുമ്പോൾ, തിരിച്ച് ദൈവം നൽകുന്നത് നാം കർത്താവിന്റെ വേലയെ സഹായിക്കേണ്ടതിനാണ്:

എന്നാൽ വിതെക്കുന്നവന്ന് വിത്തും ഭക്ഷിപ്പാൻ ആഹാരവും നൽകുന്നവൻ നിങ്ങളുടെ വിതെയും നൽകി പൊലിപ്പിക്കയും നിങ്ങളുടെ നീതിയുടെ വിളവ് വർദ്ധിപ്പിക്കുകയും ചെയ്യും. ഇങ്ങനെ ദൈവത്തിന് ഞങ്ങളാൽ സ്തോത്രം വരുവാൻ കാരണമായിരിക്കുന്ന ഔദാര്യം ഒക്കെയും കാണിക്കേണ്ടതിന്ന് നിങ്ങൾ സകലത്തിലും സമ്പന്നന്മാർ ആകും (2 കൊരിന്ത്യർ 9:10, 11).

നാം നൽകുന്നതിന്റെ അടിസ്ഥാന ലക്ഷ്യം സ്വാർത്ഥലാഭമാകരുത്. നമ്മുടെ സമ്പാദ്യം വർദ്ധിപ്പിക്കുന്നതിനോ, നമ്മുടെ ആഗ്രഹങ്ങൾ നിറവേറ്റുന്നതിനോ, സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോ, ആഡംബരത്തിനോ, സാമൂഹ്യനിലവാരം ഉയർത്തുന്നതിനോ വേണ്ടിയല്ല നാം നൽകുന്നത്. ദൈവവേലയെ സഹായിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. നാം അതിന് കരുതലുള്ളവരാണെന്ന് അവൻ കാണണം (മത്തായി 6:33), തുടർന്നും നല്ല ഉദ്ദേശങ്ങൾക്കായി നൽകുമെന്നും അവൻ മനസിലാക്കണം. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അധികമുള്ളത് അവന് മടക്കി കൊടുക്കുമെന്ന വിധത്തിലായിരിക്കണം നമ്മുടെ നൽകൽ.

## ദാനത്തിന്റെ അളവ്

ഒരു ദാനത്തിന്റെ മാഹാത്മ്യം നാം എങ്ങനെ തിരിച്ചറിയും? താഴെ കാണുന്നവിധത്തിൽ അതിനെ അളക്കാവുന്നതാണ്:

1. *ദാനത്തിന്റെ വില.* ആളുകൾ ദൈവാലയ ഭണ്ഡാരത്തിൽ വളരെ അധികം പണം ഇടുന്നത് അപ്പൊസ്തലന്മാർ കണ്ടപ്പോൾ അതിശയിച്ചു. പക്ഷെ യേശുവിന് അതു വലിയ മതിപ്പ് ഉളവാക്കിയില്ല. അവരുടെ ദാനങ്ങൾ അസ്വീകാര്യമാണെന്ന് അവൻ പറഞ്ഞില്ല, പക്ഷെ അവരുടെ ദാനങ്ങൾ ഒന്നും അത്ര വലുതല്ല എന്നാണ് പറഞ്ഞത് (മർക്കൊസ് 12:41–44).

2. *ദാനം നൽകിയ ആളുടെ ദാനത്തിന്റെ അളവും ദാതാവും താരതമ്യം ചെയ്തിരിക്കുന്നു.* "ഒരുത്തന്നു മനസൊരുക്കം ഉണ്ടെങ്കിൽ, പ്രാപ്തിയില്ലാത്തതുപോലെയല്ല, പ്രാപ്തിയുള്ളതുപോലെ കൊടുത്താൽ അവന്നു ദൈവപ്രസാദം ലഭിക്കും" (2 കൊരിന്ത്യർ 8:12). അവരിൽ എല്ലാവരെക്കാളും ദരിദ്രയായ വിധവയാണ് ഇട്ടത് എന്ന് യേശു പറഞ്ഞു, കാരണം ധനവാന്മാർ അവരുടെ സമൃദ്ധിയിൽനിന്നാണ് ഇട്ടത്, എന്നാൽ അവളോ തന്റെ ഇല്ലായ്മയിൽനിന്ന് ഉള്ളതു മുഴുവൻ ഇട്ടു (മർക്കൊസ് 12:41–44).

3. *ദാതാവിന്റെ വില.* യഹോവക്ക് യാഗം കഴിക്കുവാൻ അരവ്നയുടെ കളം ദാവീദ് വിലക്ക് വാങ്ങുവാൻ ആഗ്രഹിച്ചു. ദാവീദ് രാജാവിന്റെ ആഗ്രഹ പ്രകാരം സ്ഥലം സൗജന്യമായി നൽകുവാൻ അരവ്ന തയ്യാറായി, "അങ്ങനെയല്ല യഹോവക്ക് ഹോമയാഗം കഴിക്കുവാൻ ആ സ്ഥലം ഞാൻ നിന്നോട് വിലക്കേ വാങ്ങുകയുള്ളു" (2 ശമുവേൽ 24:24).

4. *ദാതാവിനുള്ള വില.* ഒരു ദാനം വലിയ വിലയുള്ളതാകാം; എന്നാൽ ദാതാവിന് അതു പ്രാധാന്യമുള്ളതല്ലെങ്കിൽ, നൽകുന്നതിന് വലിയ വിലയില്ല, അല്ലെങ്കിൽ അൽപവിലയേ കാണുകയുള്ളു. യേശുവിന്റെ വിലയേറിയ രക്തം കൊടുത്താണ് ദൈവം നമ്മെ വീണ്ടെടുത്തിരിക്കുന്നത് (1 പത്രൊസ് 1:18, 19). എല്ലാ സ്വർഗീയ സൈന്യത്തേക്കാളും വില യേശുവിനുണ്ടായിരുന്നു, അതുകൊണ്ട് സ്വർഗത്തിനു നൽകുവാൻ കഴിഞ്ഞ ഏറ്റവും വലിയ ദാനമാ

യിരുന്നു യേശു.

5. *ദാതാവിന്റെ വ്യക്തിപരമായ പങ്കാളിത്വം.* മക്കെദോന്യക്കാർ ദാനം മാത്ര മല്ല നൽകിയത്, അവർ ആദ്യം തങ്ങളെത്തന്നെ നൽകി (2 കൊരിന്ത്യർ 8:5). മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായി തങ്ങളെത്തന്നെ നൽകുന്നതിനേക്കാൾ പണം കൊടുക്കുവാൻ പലപ്പോഴും എളുപ്പമാണ്.

6. *ലഭിക്കുന്ന ആളുടെ ആവശ്യവും ലഭിക്കുന്ന ആളുടെ വിലയും.* ലഭിക്കുന്ന ആളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നില്ലെങ്കിൽ, വലിയ സംഖ്യ കൊടുത്താലും പ്രയോജനപ്പെട്ടെന്ന് വരികയില്ല. നമുക്ക് കൊടുത്തു തീർക്കുവാൻ കഴിയാതിരുന്ന പാപക്കടം കർത്താവ് കൊടുത്തു തീർത്തതിനാൽ അവന്റെ ദാനമാണ് ഏറ്റവും വലിയ ദാനം (റോമർ 5:8).

7. *ലഭിക്കുന്ന ആളുടെ മനോഭാവം.* ആവശ്യം നിറവേറ്റുന്ന ഒരു വലിയ ദാനം കൊടുത്താലും ലഭിക്കുന്ന ആൾ സ്വീകരിക്കുന്നില്ലെങ്കിൽ അത് വലിയ ദാനമാകുന്നില്ല. അതേ ദാനം മറ്റുള്ളവർക്ക് വിലയുള്ളതാകാം, പക്ഷെ അതിനെ അനുമോദിക്കാത്ത ആൾക്ക് അത് വലിയ ദാനമേ അല്ല (പ്രവൃത്തികൾ 13:46; റോമർ 2:4, 5 നോക്കുക). രക്ഷിക്കപ്പെട്ടവർക്ക് യേശു വിലയേറിയ ദാനമാണ്; പക്ഷെ അനുസരിക്കാത്തവർക്ക് അവൻ "ഇടർച്ചക്കല്ലും തടങ്ങൽ പാറയുമാണ്" (1 പത്രൊസ് 2:8).

8. *ദാതാവിന്റെ മനോഭാവം.* ഒരു ദാനം വലിയ ദാനമാക്കുന്നത് ഒരുപക്ഷെ ദാതാവിന്റെ മനോഭാവമായിരിക്കാം. ദൈവം യേശുവിനേയും, യേശു തന്നെയും സ്നേഹം നിമിത്തം നമുക്ക് നൽകി (യോഹന്നാൻ 3:16). സ്നേഹം കൂടാതെ നൽകുന്ന ദാനം ലഭിക്കുന്നയാൾക്ക് വിലയില്ലാത്തതാകും (1 കൊരിന്ത്യർ 13:3).

നാം ദാനങ്ങളെ വിലയിരുത്തുമ്പോൾ, ഏതൊരു ദാനത്തിന്റെയും അളവു പരിശോധിച്ചാൽ, നൽകപ്പെട്ടതിൽവെച്ച് ഏറ്റവും വലിയ ദാനം യേശുവായിരുന്നു എന്നു കാണാം. ഒരു ദാനത്തിന്റെ വില ഏതെല്ലാം വിധത്തിൽ നോക്കിയാലും അവ എല്ലാം മാഹാത്മ്യത്തിന്റെ എല്ലാ അളവും നിറവേറ്റുന്നതാണ് യേശുവിന്റെ ദാനത്തിൽ.

### ദശാംശം

ക്രിസ്ത്യാനി നൽകേണ്ട നിയമം ദശാംശമാണോ? ക്രിസ്ത്യാനികൾ ദശാംശം നൽകണോ?

"ദശാംശം" നൽകുക എന്നാൽ പത്തിൽ-ഒന്ന് നൽകുക എന്നാണർത്ഥം. ബൈബിളിൽ ആദ്യമായി പത്തിലൊന്നു ദാനം കൊടുത്തതായി പറഞ്ഞിരിക്കുന്നത്, യുദ്ധത്തിൽനിന്നും കൈവശമാക്കിയതിന്റെ പത്തിലൊന്ന് അബ്രഹാം മൽക്കിസെദേക്കിനു കൊടുത്തതാണ് (ഉൽപത്തി 14:20). അബ്രഹാം പത്തിലൊന്നു കൊടുത്ത രേഖ ബൈബിളിൽ ഇതു മാത്രമെയുള്ളു. ദൈവം തന്റെ വഴികളിലൊക്കെയും കാത്തു രക്ഷിക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും നൽകുകയും ചെയ്ത് തന്റെ അപ്പന്റെ വീട്ടിലേക്ക് മടക്കിവരുത്തുകയും ചെയ്താൽ താൻ ദൈവം തരുന്ന സകലത്തിലും ദശാംശം നൽകാമെന്ന് യാക്കൊബ് പ്രതിജ്ഞ ചെയ്തിരുന്നു (ഉൽപത്തി 28:20-22). അവൻ എപ്പോഴാണ്, ആർക്കാണ് പത്തിലൊന്ന് കൊടുത്തതെന്ന് ബൈബിൾ പറയുന്നില്ല. ന്യായപ്രമാണം നൽകുന്നതിനു മുൻപ് ദശാംശത്തെ കുറിച്ചുള്ള വിവരണം ഇത്രമാത്രമാണ്.

മോശെ മുഖാന്തരം സിനായ് പർവ്വതത്തിൽ വെച്ച് ദൈവം ന്യായപ്രമാണം യിസ്രായേലിന്ന് കൊടുത്തപ്പോഴായിരുന്നു ആദ്യമായി "ദശാംശം" എന്ന വാക്ക് നാം കാണുന്നത് (ലേവ്യാപുസ്തകം 27:30). ലേവ്യാഗോത്രത്തിലുള്ളവർക്ക് ശമ്പളമായി നൽകേണ്ടതായിരുന്നു പത്തിലൊന്ന്. അത് അവർ ദൈവാലയ ശുശ്രുഷ ചെയ്യുന്നതിനു അവരെ സാമ്പത്തികമായി സഹായിക്കേണ്ടതിനായിരുന്നു (സംഖ്യാപുസ്തകം 1:50, 51). യിസ്രായേൽ അവരെ സഹായിക്കുന്നതിന് നൽകിയതായ പണം അവർ സ്വതന്ത്രമായി ചെയ്യേണ്ടതായിരുന്നില്ല, മറിച്ച് നികുതി പോലെ ആളുകളിൽനിന്ന് ആവശ്യപ്പെട്ടതായിരുന്നു (ലേവ്യാപുസ്തകം 27:30).

> ലേവ്യർക്കോ, ഞാൻ സമാഗമനകൂടാരം സംബന്ധിച്ച് അവർ ചെയ്യുന്ന വേലക്ക്, യിസ്രായേലിൽ ഉള്ള ദശാംശം എല്ലാം അവകാശമായി കൊടുത്തിരിക്കുന്നു (സംഖ്യാപുസ്തകം 18:21).

> ലേവ്യർ സമാഗമനകൂടാരം സംബന്ധിച്ചുള്ള ... വേല ചെയ്കയും, അവരുടെ അകൃത്യം വഹിക്കയും വേണം; അതു തലമുറ തലമുറയായി എന്നേക്കുമുള്ള ചട്ടമായിരിക്കേണം; അവർക്ക് യിസ്രായേൽ മക്കളുടെ ഇടയിൽ അവകാശം ഉണ്ടാകരുത് യിസ്രായേൽ യഹോവക്ക് ഉദർച്ചാർപ്പണമായി അർപ്പിക്കുന്ന അവകാശം ഞാൻ ലേവ്യർക്ക് അവകാശമായി കൊടുത്തിരിക്കുന്നു; "അതുകൊണ്ട് അവർക്ക് യിസ്രായേൽ മക്കളുടെ ഇടയിൽ അവകാശം ഉണ്ടാകരുത്" (സംഖ്യാപുസ്തകം 18:23, 24).

യിസ്രായേൽ കനാനിൽ പ്രവേശിച്ചപ്പോൾ, ദേശം പിന്തുടർച്ചാവകാശമായി ഗോത്രങ്ങൾക്ക് ഭാഗിച്ചു കൊടുത്തു. മറ്റു ഗോത്രങ്ങൾക്ക് കൊടുത്ത ഓഹരിയായിരുന്നില്ല ലേവ്യാഗോത്രത്തിന് നൽകിയത്. മറ്റു ഗോത്രങ്ങൾ നൽകേണ്ട പത്തിലൊന്ന് ലേവ്യർക്ക് നൽകുവാൻ ദൈവം നിർദ്ദേശിച്ചിരുന്നു. ദശാംശം സ്വമേധാ ദാനമായി കൊടുക്കേണ്ടതായിരുന്നില്ല, മറിച്ച് കൊടുത്തു തീർക്കേണ്ട കടമായിരുന്നു അത് (ആവർത്തനപുസ്തകം 26:12).

ദശാംശത്തിന് പുറമെ, നേർച്ചകാഴ്ച്ചകളും, സ്വമേധാ ദാനങ്ങളും അവർ കൊടുക്കേണ്ടിയിരുന്നു (ലേവ്യാപുസ്തകം 23:37, 38). അതിന്റെയും പത്തിലൊന്നിന്റേയും പ്രയോജനം പുരോഹിതന്മാർക്കായിരുന്നു. ദൈവാലയത്തിന്റെ അറ്റകുറ്റപ്പണികൾക്കും, ദരിദ്രർക്ക് കൊടുക്കേണ്ട ദാനധർമ്മം, മറ്റാവശ്യങ്ങൾ എന്നിവ നിറവേറ്റുവാൻ വേറെ ദാനങ്ങൾ വേണ്ടിയിരുന്നു (ആവർത്തനപുസ്തകം 16:10, 11), വയലിൽ മറന്നു പോകുന്നതും എടുക്കരുത് (ആവർത്തനപുസ്തകം 24:19–21).

ന്യായപ്രമാണം ആവശ്യപ്പെട്ടതുപോലെ സമൃദ്ധിയുടെ പത്തിലൊന്ന് കൊടുപ്പാനും, മറ്റു ദാനങ്ങൾ കൊടുപ്പാനും യിസ്രായേൽ തയ്യാറാകാതിരുന്നതിനാൽ, അവർക്ക് കൊടുക്കുമെന്ന് പറഞ്ഞ അനുഗ്രഹങ്ങൾ കൊടുത്തില്ല. കവർന്നെടുക്കലായിട്ടാണ് ദൈവം അതിനെ കണക്കാക്കിയത്.

> മനുഷ്യന്നു ദൈവത്തെ തോൽപിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോൽപിക്കുന്നു. എന്നാൽ നിങ്ങൾ 'ഏതിൽ ഞങ്ങൾ നിന്നെ തോൽപിക്കുന്നു' എന്നു ചോദിക്കുന്നു. ദശാംശത്തിലും വഴിപാടിലും തന്നെ,

എന്നെ തോൽപിക്കുന്നതുകൊണ്ട്, നിങ്ങൾ ശാപഗ്രസ്തരാകുന്നു. "എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന്ന് നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്ക് കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്ക് ആകാശത്തിന്റെ കിളിവാതിലുകളെ തുറന്ന് സ്ഥലം പോരാതെ വരുവോളം നിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ? എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിപ്പിൻ" എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. "ഞാൻ വെട്ടുക്കിളികളെ ശാസിക്കും, അവ നിങ്ങളുടെ നിലത്തിലെ അനുഭവം നശിപ്പിച്ചുകളകയില്ല. പറമ്പിലെ മുന്തിരിവള്ളിയുടെ ഫലം മൂക്കാതെ കൊഴിഞ്ഞുപോകയുമില്ല" എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു (മലാഖി 3:8-12).

ബാബേൽ പ്രവാസം കഴിഞ്ഞു വന്ന യിസ്രായേൽമക്കൾ ദശാംശം കൊടുത്തു. ക്രിസ്തുവിന്റെ മരണത്താൽ, പുതിയനിയമം സ്ഥാപിതമാകുന്നതുവരെ അവർ ദശാംശം കൊടുത്തു വന്നിരുന്നു (എബ്രായർ 9:15-17).

ക്രിസ്തുവിന്റെ മരണത്താൽ പുതിയനിയമം സ്ഥാപിച്ചതുമുതൽ (എബ്രായർ 9:15-17), ദശാംശം ആവശ്യമാണെന്ന് പറയുന്നില്ല. പത്തിലൊന്ന് ലേവ്യരേയും പുരോഹിതന്മാരെയും സഹായിക്കുന്നതിനായിരുന്നതുകൊണ്ടാകാം. എല്ലാ ക്രിസ്ത്യാനികളും ദൈവത്തിന് പുരോഹിതന്മാരാകയാലും (1 പത്രൊസ് 2:9; വെളിപ്പാട് 1:6; 5:10) ന്യായപ്രമാണം നീങ്ങപ്പെട്ടതിനാലും (ഗലാത്യർ 3:24, 25; എഫെസ്യർ 2:14, 15; കൊലൊസ്യർ 2:14; എബ്രായർ 7:12, 19), പത്തിലൊന്ന് ഇനി ആവശ്യമില്ല. നാം ഇപ്പോൾ പുതിയനിയമത്തിൻ കീഴിലാണ്, അതിൽ പറയുന്നത്, പ്രാപ്തി പോലെയും (1 കൊരിന്ത്യർ 16:2), ഹൃദയത്തിൽ നിശ്ചയിച്ചതുപോലെയും കൊടുക്കുവാനാണ് നമ്മോട് പറയുന്നത് (2 കൊരിന്ത്യർ 9:7).

പുതിയനിയമം ക്രിസ്ത്യാനികളോട് നൽകുവാൻ പറയുന്നു, പക്ഷെ എത്ര കൊടുക്കണമെന്നു പറയുന്നില്ല. ദൈവം നമുക്ക് നൽകണമെന്ന് നാം പ്രതീക്ഷിക്കുന്നുവെങ്കിൽ, നാം നൽകണം. നമുക്ക് നൽകിയിരിക്കുന്നതിൽ നാം നല്ല കാര്യവിചാരകന്മാരാകണം. നാം നൽകുന്നതിനനുസരിച്ചാണ് നമുക്ക് നൽകുക എന്ന് അവൻ പറഞ്ഞിരിക്കുന്നു (2 കൊരിന്ത്യർ 9:6). കാരണം ദാതാവായ ദൈവത്തെയാണ് നാം സേവിക്കുന്നത്. അവന്റെ നായകത്വത്തെ സ്വീകരിച്ച് ഉദാരമായി നൽകുവാൻ നാം ശീലിക്കണം.

ക്രിസ്ത്യാനികൾക്ക് നൽകാവുന്ന ദാനങ്ങളാണ്, പണം, സമ്പാദ്യം, നമുക്കുള്ളതെല്ലാം ഉപയോഗിക്കുന്നത് തുടങ്ങിയവ. വ്യക്തിപരമായ കരുതലും, അതിഥിസൽക്കാരവും പൗലൊസ് ഫിലേമോനിൽനിന്നു പ്രതീക്ഷിച്ചു (ഫിലേമോൻ 20-22). അത് സഭ മുഖാരം ചെയ്യേണ്ട സഹായമായിരുന്നില്ല, വ്യക്തിപരമായി ചെയ്യേണ്ട സഹായമായിരുന്നു.

മുട്ടുള്ളവരെ സഹായിക്കേണ്ടതിനും സുവിശേഷകരെ സഹായിക്കുന്നതിനും ഇടവകകൾ ധർമ്മം ശേഖരിച്ച് എത്തിച്ചുകൊടുക്കാവുന്നതാണ് (1 കൊരിന്ത്യർ 9:6-14; 16:1, 2; ഫിലിപ്പിയർ 4:15). ഈ ആവശ്യങ്ങൾക്കുള്ള ധർമ്മശേഖരം, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ നിരന്തരമായി കൂടിവരുമ്പോൾ ശേഖരിക്കാവുന്നതാണ് (1 കൊരിന്ത്യർ 16:1, 2).

ധനശേഖരത്തിന്, ഭാഗ്യക്കുറിയോ, കലാപരിപാടികളോ ഒന്നും നടത്തുവാൻ പുതിയനിയമം അനുവദിക്കുന്നില്ല. ആ രീതിയിൽ പണം ശേഖരിക്കുന്നത്

എളുപ്പമായേക്കാം. അത്തരം ഗെയിമുകൾ നടത്തുന്നവർ വിജയിക്കുവാനാണ് ശ്രമിക്കുന്നത്, അല്ലാതെ കർത്താവിന് നൽകുക എന്ന ഉദ്ദേശമല്ല ഉള്ളത്.

**സംക്ഷിപ്തം**

നൽകുക എന്നത് പ്രധാനപ്പെട്ടതാണ്. കൊടുക്കാത്തവർ യേശുവിനെ പോലെ ആകുവാൻ ശ്രമിക്കാത്തവരാണ്, എങ്ങനെ നൽകണമെന്ന് നമുക്ക് കാണിച്ചു തന്നത് ക്രിസ്തുവാണ് (2 കൊരിന്ത്യർ 8:9). ഏതു നിലവാരത്തിൽ നോക്കിയാലും ഏറ്റവും വലിയ ദാനം യേശുവാണ് നൽകിയിരിക്കുന്നത്.

ദൈവം നമുക്ക് നൽകിയിരിക്കുന്നതിൽ, കാര്യവിചാരകന്മാരായിരിക്കുകയാൽ, നമ്മുടെ കൈകളിൽ ഏൽപിച്ചിരിക്കുന്നതിന് നാം ദൈവത്തോട് കണക്ക് കൊടുക്കണം. ദൈവവേലയെ സഹായിക്കുന്നതിനാണ് ദൈവം നമുക്ക് നൽകിയിരിക്കുന്നതെന്ന് നാം തിരിച്ചറിയണം.

വിവേകമില്ലാതെ പണം വലിച്ചെറിയുന്നവർക്ക് ഉദാരമായി ദൈവത്തിന് നൽകുവാൻ കഴിയുകയില്ല. നാം ബുദ്ധിയോടെ നമ്മുടെ പണം കൈകാര്യം ചെയ്യുമ്പോൾ, പ്രധാനപ്പെട്ട കർത്തവ്യം നിറവേറ്റുന്നതിനു സഹായിക്കുവാൻ നമുക്ക് കഴിയും.

---

കുറിപ്പ്

[1]വില്യം ഡബ്ലിയു. ഹോ, "വി ഗിവ് ദീ ബട്ട് ദൈൻ ഓൺ," *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയ്സ്*, കോമ്പ്. ആന്റ് എഡി. ആൾട്ടൻ എച്ച്, ബോവാർഡ് (വെസ്റ്റ് മോൺറോ, ലോ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1994).